**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3366** **25-10-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വേ റെക്കോഡുകളിൽ കൃത്യത വരുത്തുന്നതിനായി 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 1966 ൽ ആരംഭിച്ച റീസർവ്വെ നടപടികൾ നാളിതുവരെ 55% പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവ്വേ ഓഫ് ഇൻഡ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | റീസർവെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവെ ഓഫ് ഇൻഡ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവെ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ഡിജിറ്റലായി റീസർവ്വെ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വെ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി സമയബന്ധിതമായി തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവഹിക്കുന്നതിലേയ്ക്കായി Continuously Operating Reference Station (CORS) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ |

| | | | |
|---|---|---|---|
| | | | സഹായത്താൽ ഡിജിറ്റൽ റീസർവ്വെ പൂർത്തീകരിക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 4 ഘട്ടങ്ങളിലായി നടത്തുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിന് 339.438 കോടി രൂപ RKI ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവെ ഓഫ് ഇന്ത്യ മുഖേന ആയത് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്. സർവെ ഓഫ് ഇന്ത്യയുടെ പ്ലാൻ അനുസരിച്ച് സംസ്ഥാനത്ത് ആവശ്യമായിട്ടുള്ള 28 സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 9 കോടി രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. നിലവിൽ ഒരു സ്റ്റേഷന് മൂന്ന് സ്ഥാനങ്ങൾ വീതം കണ്ടെത്തിയിട്ടുണ്ട്. സ്റ്റേഷൻ സ്ഥാപിക്കുന്ന സമയത്ത് ഏതെങ്കിലും സ്ഥാനം സിഗ്നൽ ടെസ്റ്റ് പാസ്സാകാത്ത സാഹചര്യമുണ്ടെങ്കിൽ പുതിയ സ്ഥാനം കണ്ടെത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാണ് ഒരു സ്റ്റേഷന് മൂന്ന് സ്ഥാനങ്ങൾ വീതം കണ്ടെത്തിയിട്ടുള്ളത്. CORS സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സർവെ ഓഫ് ഇൻഡ്യ ആരംഭിച്ചു കഴിഞ്ഞു. ടി സംവിധാനം നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പ്രവർത്തന ക്ഷമമാക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) | റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയ്ക്കുമോ? | (സി) | ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയിട്ടുള്ള 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവെ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ